**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1917</u>** **<u>09-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ ന്യൂ ജനറേഷൻ കോഴ്സുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കൂത്തുപറമ്പ് കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ക്ലാസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | ദീർഘകാലം ഉപയോഗിക്കാതെ കിടന്നതുകൊണ്ട് കെട്ടിടത്തിനു വേണ്ടിവന്ന അത്യാവശ്യ അറ്റകുറ്റപണികൾ പൂർത്തിയാക്കിയും ഗ്രാമപഞ്ചായത്തിൽ നിന്നുള്ള അനുമതിയും വൈദ്യുതി കണക്ഷനും ലഭ്യമാകുന്ന മുറയ്ക്കും ക്ലാസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റാൻ സാധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കോളേജിൽ അടുത്ത അധ്യയന വർഷം മുതൽ ന്യൂ ജനറേഷൻ കോഴ്സുകൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ; | (ബി) | സർക്കാരിൽ ഐഎച്ച്ആർഡി - യുടെ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച പൊതു തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിക്കുന്നതാണ്. |
| (സി) | കുട്ടികളുടെ യാത്രാ സൗകര്യത്തിനായി കൂത്തുപറമ്പിൽ നിന്നും കോളേജിലേക്കും തിരിച്ചും വാഹന സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ബസ് വാങ്ങുന്നതിനും കെ.എസ്.ആർ.ടി.സി ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള അപേക്ഷ കെ.എസ്.ആർ.ടി.സി - ക്ക് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ